# Siraj
# 31 July 2018
# Aluva, Security Measures



## സർവ കക്ഷിയോഗം ചേർന്നു

**ആലുവ:** ഡാമുകൾ തുറന്നാൽ കീഴ്മാട് ഗ്രാമ പഞ്ചായത്തിൽ നടത്തേണ്ട സുരക്ഷ പ്രവർത്തനങ്ങൾ, ക്യാമ്പ് ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി തോട്ടുമുഖം വൈ എം സി എ ഹാളിൽ സർവകക്ഷി യോഗം ചേർന്നു. പഞ്ചായത്ത് പ്രസിഡന്റ് കെ എ രമേശ് അധ്യക്ഷത വഹിച്ചു. അൻവർ സാദത്ത് എം എൽ എ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ:ബി എ അബ്ദുൾ മുത്തലിബ്, വില്ലേജ് ഓഫീസർ അരവിന്ദാക്ഷൻ, കെ എസ് ഇ ബി സബ് എൻജിനീയർ അജിത് കുമാർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, ജനപ്രതിനിധികൾ, സാമൂഹിക സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്നവർ പങ്കെടുത്തു.